(ബി) വെള്ളത്തിന്റെ ദൗർലഭ്യം കാരണം സാധാരണയായി ഇപ്രകാരം അനുമതി നൽകാൻ കഴിയുകയില്ല.

കട്ടേക്കാട് ആദിവാസി ഊരിലെ ആദിവാസികൾക്ക് നഷ്ടപരിഹാരം

923 [1102] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി കുടി ഒഴിപ്പിച്ച കട്ടേക്കാട് ആദിവാസി ഊരിലെ ആദിവാസികൾക്കു നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(ബി) ഇവിടെനിന്നും എത്ര കുടുംബങ്ങളെ ഒഴിപ്പിച്ചു;

(സി) നഷ്ടപരിഹാരം നൽകിയിട്ടില്ലെങ്കിൽ അത് നൽകുവാനാവശ്യമായ നടപടികൾ എടുക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) അഞ്ചു കുടുംബങ്ങളെ.

(സി) കുടി ഒഴിപ്പിക്കപ്പെട്ട ആദിവാസി കുടുംബങ്ങളുടെ പ്രശ്നങ്ങൾ പരിശോധിച്ചു പരിഹാരം നിർദ്ദേശിക്കുന്നതിനായി, ഒറ്റപ്പാലം അസിസ്റ്റന്റ് കളക്ടറെ ചെയർമാനാക്കി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ടു ലഭിച്ചിട്ടില്ല. ആയത് കിട്ടിയാലുടൻ നഷ്ടപരിഹാരം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റീട്ടെയിനിംഗ് വാൾ കെട്ടുന്നതിനുള്ള ശ്രീ. മൊയ്തീൻ കുഞ്ഞിന്റെ നിവേദനം

924 [1103] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാന്നാർ, വിഷവർശ്ശേരിക്കര പരവഴിയിൽ വീട്ടിൽ ശ്രീ. ടി. കെ. മൊയ്തീൻകുഞ്ഞ്, പമ്പാനദി തീരത്തു സ്ഥിതി ചെയ്യുന്ന തന്റെ വീടിനു സമീപം ഒരു റീട്ടെയിനിംഗ് വാൾ കെട്ടിക്കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 11-6-82-ൽ ഗവൺമെന്റിനു നിവേദനം നൽകിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗവൺമെന്റു എന്തു നടപടി സ്വീകരിച്ചു;

(സി) നടപടി സ്വീകരിച്ചില്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) ഇനിയെങ്കിലും ഇക്കാര്യത്തിൽ അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 11-6-82-ലെ നിവേദനത്തിന്റെ അസ്സൽ കിട്ടിയിട്ടില്ല. ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള വേറെ നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. 9-5-83-ലെ നിവേദനത്തോടുകൂടി ഹർജിക്കാരൻ തന്റെ 11-6-82-ലെ ഹർജിയുടെ പകർപ്പ് അയച്ചുതന്നു.

LIBRARY ARCHIVES Kerala Legislative Assembly